

# നെല്ലിമരച്ചുവട്ടിൽ

## എ.എം.എച്ച്.എസ്.എസ് പൂവമ്പായി

# എ.എം.എച്ച്.എസ്.എസ് പൂവമ്പായി







**മുരളിലാൽ.എം**
**ഹെഡ്മാസ്റ്റർ**
**എ.എം.എച്ച്.എസ്.എസ്.പൂവമ്പായി**

പൂവമ്പായ് എ.എം.എച്ച്.എസ്.എസ് ഹൈസ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും കൂടി ഒരുക്കുന്ന നെല്ലിമരച്ചുവട്ടിൽ എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നതിനാൽ വളരെയധികം സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗവാസനങ്ങൾക്ക് പ്രോത്സഹനവും പ്രചോദനവുമേകാൻ മാഗസിന് കഴിയുമെന്നുറപ്പുണ്ട് ഭാവിതലമുറയ്ക്ക് ഉപയുക്തമായ ലേഖനങ്ങളും കഥകളും കവിതകളും കൊണ്ട് ധന്യമായ ഈ മാഗസിന്റെ വിജയത്തിന് സർവവിധ ആശംസകളും നേരുന്നു

നാസർ.പി.കെ
പി.ടി.എ.പ്രസിഡന്റ്
എ.എം.എച്ച്.എസ്.എസ് പൂവമ്പായി



പൂവമ്പായി എ.എം ഹൈസ്കൂൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ മാഗസിന്
എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം
കുട്ടികൾക്ക് ഇതൊരു പ്രചോദനമാവട്ടെ എന്നും ആശംസിക്കുന്നു

നാസർ.പി.കെ
പി.ടി.എ.പ്രസിഡന്റ്

**ഷെരിഫ.കെ.കെ**
**പ്രിൻസിപ്പിൾ**
**എ.എം.എച്ച്.എസ്.എസ് പൂവമ്പായി**



പൂവമ്പായി എ.എം ഹൈസ്കൂൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഷെരിഫ.കെ.കെ
പ്രിൻസിപ്പിൾ

**പി.ശിവൻകുട്ടി**
**വിദ്യാഭ്യാസമന്ത്രി**



**എ.എം ഹൈസ്കൂൾ 2024-25 വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന സ്കൂൾ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.**

**പി.ശിവൻകുട്ടി**
**വിദ്യാഭ്യാസമന്ത്രി**

A.M.H.S.S POOVAMBAYI

KINALUR BALUSSERY



# സൗഹൃദം

ഇളം കാറ്റിൽ മൃദു സ്പർശം പോൽ
തഴുകി ഉണർത്തും എൻ സൗഹൃദങ്ങൾ
ചെമ്പനീർ പൂവിനെ ഉമ്മ വയ്ക്കും
മഞ്ഞുതുള്ളിതൻ നൈർമല്യമോ
ഈ സൗഹൃദത്തിന്
ആഴിപോൽ ആഴവും
നീലാകാശത്തിൽ പരപ്പും
മാരിവിൽ ചന്തവും
കണ്ടുഞാനാ സൗഹൃദത്തിൽ
തിരക്ക് കരയെ പിരിയാത്ത വണ്ണം
അടുത്തറിഞ്ഞു ഞാൻ എൻ സൗഹൃദത്തെ
പകയില്ല ചതിയില്ല വിദ്വേഷമില്ല
തളരുമ്പോൾ തണലേകും സൗഹൃദത്തിൽ
മിഴിയൊന്ന് നിറയുമ്പോൾ
എൻ ചുറ്റിലും ഉയരുന്നു
ആയിരം കരങ്ങൾ എൻ സൗഹൃദത്തിൽ
ഏറ്റവും സുന്ദരചിത്രം
എൻ സൗഹൃദം





-പാർവണ (6 A)

# ശലഭം



പൂവിനെ തേടി പറക്കും ശലഭമേ....
നിന്നെ കാണാൻ എന്തു രസം....
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ....
നിന്നെ കാണാൻ എന്തു രസം....



വർണ്ണ ചിറകുള്ള പൂമ്പാറ്റേ....
നിന്നെ കാണാൻ എന്തു രസം....
പൂന്തേനുകരും പൂമ്പാറ്റേ....
നിന്നെ കാണാൻ എന്തു രസം....



ദേശം ചുറ്റി കറങ്ങും ശലഭമേ....
നിന്നെ കാണാൻ എന്തു രസം....

-അനോര.പി (6 B)

# അമ്പിളിമാമൻ



മാനത്തിരിപ്പാണോ
അമ്പിളിയമ്മാവാ
നിന്നെ കാണാൻ
എന്തൊരു ചന്തം
ആരു നിനക്കീ അഴകുതന്നു
ആരുനിനക്കീ കാന്തി തന്നു
താഴോട്ടുവന്നാലോ നിനക്കായ്
താരാട്ടു പാടിതരാം



അമ്പിളിയമ്മാവാ നിൻെറ
കുമ്പിളിലെന്താണ്
മേഘത്തിനുള്ളിൽ ഒളിക്കാതെ
താഴോട്ട് വന്നൂടേ.........
അമ്പിളിയമ്മാവാ നിനക്കെന്തൊരു
ചന്തമാണ്



താഴോട്ട് വന്നാലോ നിനക്കായ്
താമരപ്പൂവ് തരാം

-അഞ്ജന വി

# പുഴ എവിടെ ?



ആഹാ! തെളിനീരൊഴുകുന്നു.
നീന്തിതുടിച്ചോ കോരിതുടിച്ചോ
ആർത്തുല്ലസിച്ചോകുട്ടികളെ
കണ്ണാടിപോലുള്ളൊരു പുഴയാണിത്.
മുത്തച്ഛന്റച്ഛൻ ചൊല്ലി
കെട്ടിടം പൊങ്ങാൻ മണൽ വാരിവാരി
ആഴിപോൽ ആഴം കൂടിക്കൂടി
സൂക്ഷിച്ചിറങ്ങണേ മോനേ
മുത്തച്ഛനച്ഛനോട് ചൊല്ലി



മാലിന്യക്കൂമ്പാരമായി മാറിമാറി
നീന്തിത്തുടിക്കും പരൽമീനുമില്ല.
മലിനജലം നിറഞ്ഞൊരീ പുഴയിൽ
നീ ഇറങ്ങല്ലേ മോനെ
രോഗങ്ങൾ നിന്നെ വിട്ട് മാറില്ല.
അച്ഛൻ എന്നോട് ചൊല്ലി.
എല്ലാർക്കും പറയുവാൻ
പലതുമുണ്ടായിരുന്നു.
ഞാൻ എൻ മകനോട് എന്തു ചൊല്ലും
ഇവിടെ ഒരു പുഴ ഉണ്ടായിരുന്നുവെന്നോ....

-പ്രയാഗ്

# കാറ്റ്

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ.
ഒന്നിച്ചോരല്പം കളിച്ചുകൂടേ...



മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ.
ഒന്നിച്ചോരല്പം കളിച്ചുകൂടേ...



–സന ഫാത്തിമ.എൻ (6 A)

# മഴ





മഴ മഴ മഴ മഴ മഴ വന്നു
മാനത്തുന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തുന്നൊരു മഴ വന്നു
മലയുടെ മുകളിൽ താങ്ങാതെ
മാളിക മുകളിൽ താങ്ങാതെ
മലയുടെ മുകളിൽ താങ്ങാതെ
മാളിക മുകളിൽ താങ്ങാതെ
മഴ മഴ മഴ മഴ മഴ വന്നു
മാനത്തുന്നൊരു മഴ വന്നു
മിഴികൾക്കുത്സവമായി
മാനത്തുന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തുന്നൊരു മഴ വന്നു

-ഫാത്തിമ

# ഉറക്കമുണർന്ന സ്വപനം



ഞാൻ നിഴൽ
നീ വെളിച്ചവും
വെളിച്ചത്തിന്റെ
മാസ്മരികതയിൽ
നിഴലെന്നും
ഒതുങ്ങി നിന്നു.
മനസ്സിന്റെ ക്ലാവു പിടിച്ച
കണ്ണാടിയുടെ-
പ്രതിബിംബമായി.
ചിരട്ടയിലെ കഞ്ഞിയും,
കറിയും
നുണഞ്ഞ ഐസിന്റ-
തണുത്ത തണുപ്പിൽ
ശോഭനടീച്ചറുടെ
ഗുണനപട്ടികയുടെ
ടേബിളിനുള്ളിൽ
നീല പാവാടത്തുമ്പിലെ
രക്തബിന്ദുക്കൾക്കിടയിൽ

വിപ്ലവത്തിന്റെ-
ഉയർന്ന പ്രകടനധ്വനിയിൽ
നീണ്ട വരാന്തകളിൽ
നിശബ്ദതകളിൽ.
അവസാനം
താലിച്ചരടിന്റെ ` 916 '-
മങ്ങിയപ്പോൾ
കാലചക്രം തിരിക്കുന്നയാളുടെ
കണ്ണിന്
തിമിരം ബാധിക്കട്ടെയെന്ന്
ഒരു വേള വെറുതേ-
ഞാനാശിച്ചു പോയ്
പറയാൻ മറന്ന
നൽകാൻ മറന്ന
അറിയിക്കാൻ മറന്ന
പാതിവെമ്പൽ
ഇന്നും
വെളിച്ചത്തിന്റെ-
നിഴലായ് തന്നെ
ഒതുങ്ങിയിരിക്കുന്നു.



-രബിത കെ.കെ

# മീസാൻകല്ലുകൾ

മീസാൻ കല്ലുകൾ
പൂർണ്ണ വിരാമങ്ങളാണ്
കൂടെയുണ്ടാവുമെന്ന
ഓർമ്മപ്പെടുത്തലുകളുടെ
നിരർത്ഥകതകൾ
വിളിച്ചോതുന്ന,
തനിച്ചാണെന്ന
തിരിച്ചറിവുകളുടെ
പൂർണ്ണവിരാമം...
ഇഷ്ടമില്ലാത്ത വേഷങ്ങൾ
കെട്ടി കെട്ടി
കിതച്ചെത്തിയവരുടേയും
വലിച്ചെറിഞ്ഞു
പോയവരുടേയും
സംഗമ സ്ഥലങ്ങൾ...
അംഗീകാരങ്ങളുടേയും
തിരസ്കാരങ്ങളുടേയും
നീണ്ട കാത്തിരിപ്പുകളുടേയും
വിശ്രമസ്ഥലം....
ഒറ്റുകൊടുത്ത

അപ്പക്കഷ്ണങ്ങളോ
പങ്കുവെയ്ക്കപ്പെട്ട
തേൻ കനികളോ
മധ്യസ്ഥം പറയാൻ
എത്താത്ത
മീസാൻ കല്ലുകൾ...
ആത്മീയതയുടേയും
ഭൗതികതയുടേയും
പരിസമാപ്തികളായി
മീസാൻ കല്ലുകൾ
കാത്തിരിപ്പാണ്...

-സുജി കെ.എം

# മനുഷ്യജീവിതം
# നശിപ്പിക്കുന്ന
# പ്ലാസ്റ്റിക്ക്

പ്ലാസ്റ്റിക്ക് മലിനീകരണം മനുഷ്യജീവിതം നശിപ്പിക്കുന്നു.സൂപ്പർമാർക്കറ്റ് മുതൽ സാധാരണ വീടുകൾ വരെ കാണപ്പെടുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്
പ്ലാസ്റ്റിക് ഇപ്പോൾ നമുക്ക് ആവശ്യമായവസ്തുവായി മാറിയിരിക്കുകയാണ്. ഖരവസ്തുവും,ദ്രാവകവസ്തുവും എപ്പോഴും പ്ലാസ്റ്റിക്കിൽ സൂക്ഷിക്കാം മനുഷ്യരേയും, ജലജീവികളേയും,വന്യജീവികളേയും ഉൾപ്പെടെ ഭൂമിയെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്ണമാണ്
പ്ലാസ്റ്റിക് മലിനീകരണം.എവിടെ ചെന്നാലും പ്ലാസ്റ്റിക് കൂമ്പാരങ്ങൾ നാം കാണാറ്.മാത്രമല്ല ഇത് നമ്മുടെ ജലത്തെ മലിനമാക്കുന്നു.

പ്ലാസ്റ്റിക് ജലത്തിൽ ലയിക്കാത്തതിനാൽ ഇത് ജലത്തിൽ തന്നെ തുടരുകയും ജല ശുദ്ധതയെ തടസപ്പെടുത്തുകയും ചെയ്യുന്നു.കൂടാതെ വരും വർഷങ്ങളിൽ നമുക്ക് ശുദ്ധജലം ലഭിക്കുകയുമില്ല.
അതുപോലതന്നെ പ്ലാസ്റ്റിക് നാം വലിച്ചെറിയുമ്പോൾ മണ്ണിന് കേടുപാടുകൾ ഉണ്ടാകുന്നു.ഇത് മണ്ണിന്റെ ഫലഭൂഷ്ടതയെ ബാധിക്കുന്നു.രോഗങ്ങൾ പരത്തുന്ന പ്രാണികളെ ആ പ്രദേശത്ത്

ശേഖരിക്കപ്പെടുകയും ക്യാൻസർ പോലുള്ള മാരകമായ അസുഖങ്ങൾ പരത്തുകയും ചെയ്യുന്നു.എന്നാൽ ഇപ്പോൾ കുടുംബശ്രീ
പങ്കാളിത്ത്വമുള്ള ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഇന്ന് വളരെ സജീവമാണ്.വീടുകളിൽ
നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റീക് മാലിന്യങ്ങൾ ശേഖരിക്കുക എന്നതാണ് ഹരിത കർമ്മ
സേനയുടെ ജോലി.ഇവർ നമ്മളെ പ്ലാസ്റ്റീക്കിൽ നിന്നുണ്ടാകുന്ന രോഗങ്ങളിൽ നിന്ന് തടയുകയും
വീട്ടിൽ വന്ന് പ്ലാസ്റ്റീക് മാലിന്യത്തെ കുറിച്ച് അറിവ് പകർന്ന് തരുകയും ചെയ്യുന്നു.അതിനാൽ പ്ലാസ്റ്റീക് ഉപയോഗം പരമാവധി കുറയ്ക്കാൻ നാം എല്ലാവരും
ശ്രമിക്കുക.

-അനോയി പി




RED CROSS


NOTICEBOARD
FIRST AID